# നാഗൂർ ഷാഹുൽ ഹമീദ് ദർഗ

**അമീർ ഒതുക്കുങ്ങൽ**

**തെ**ന്നിന്ത്യയിലെ ഏറ്റവും വലിയ ശിർക്കൻ കേന്ദ്രങ്ങളിൽ ഒന്നാണ് തമിഴ്നാട്ടിലെ നാഗൂരിൽ സ്ഥിതിചെയ്യുന്ന ഷാഹുൽ ഹമീദിന്റെ ദർഗ. ക്വബ്ർ പൂജ അതിന്റെ രൗദ്രഭാവം പൂണ്ട് മൂർധന്യാവസ്ഥയിൽ നിൽക്കുന്ന എണ്ണപ്പെട്ട ദർഗകളിൽ ഒന്നുകൂടിയാണ് നാഗൂർ ഷാഹുൽ ഹമീദിന്റെ ജാറം. അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ട പ്രാർഥനാ-നേർച്ച-വഴിപാടുകൾ അല്ലാഹു അല്ലാത്തവർക്ക് അർപ്പിക്കുന്ന ക്വൂബൂരികൾ സാധാരണ പറയാറുള്ളത് തങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവർ ദൈവമാണെന്ന് (ഇലാഹാണെന്ന്) ഞങ്ങൾ വിശ്വസിക്കുന്നില്ല എന്നാണ്. എന്നാൽ നാഗൂർ ഷാഹുൽ ഹമീദിന്റെ വിഷയത്തിൽ ക്വുബൂരികളുടെ ഈ അവകാശവാദവും തെറ്റാണ്. കാരണം നാഗൂർ ഷാഹുൽ ഹമീദ് അറിയപ്പെടുന്നതുതന്നെ 'നാഗൂർ ആണ്ടവർ' എന്ന അപര നാമത്തിലാണ്. തമിഴിൽ ആണ്ടവൻ എന്ന വാക്കിന് ദൈവം എന്നാണ് അർത്ഥം. പളനി മുരുകനെ ഹൈന്ദവർ വിളിക്കാറുള്ളത് പളനി ആണ്ടവൻ എന്നാണ്. അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ട ആരാധനകൾ ഷാഹുൽ ഹമീദിന്റെ ദർഗക്കുമുന്നിൽ അർപ്പിക്കുന്നതോടൊപ്പം 'ആണ്ടവനേ...' എന്ന് പറഞ്ഞ് പൊട്ടിക്കരയുകപോലും ചെയ്യാറുണ്ട് കേരള സമസ്തക്കാരുടെ സമാനവിശ്വാസക്കാരായ അണ്ണാച്ചികളും. തമിഴന്മാർ ഈ ദർഗയിൽ കിടക്കുന്നയാളെ കുറിച്ച് ഷാഹുൽ ഹമീദ്(റ) എന്നൊന്നും പറയാൻ മെനക്കടാറില്ല. മറിച്ച് ഒറ്റവാക്കിൽ നാഗൂർ ആണ്ടവർ എന്ന് വിളിക്കാറാണ് പതിവ്.

ഹിജ്റ വർഷം 910ൽ അയോദ്ധ്യയിലെ മാണിക്യപ്പൂർ എന്ന സ്ഥലത്താണ് ഷാഹുൽ ഹമീദ് ജനിച്ചത് എന്ന് ഇയാളെക്കുറിച്ചെഴുതിയ 'കറാമത്ത്' പുസ്തകങ്ങളിൽ കാണുന്നു. നബി(സ)യിലൂടെ അല്ലാഹു പ്രകടമാക്കിയ മുഅ്ജിസത്തുകളെപ്പോലും വെല്ലുന്ന രീതിയിലാണ് ഷാഹുൽ ഹമീദിന്റെ കറാമത്തുകളായി പ്രചരിപ്പിക്കുന്ന കാര്യങ്ങളിലുള്ളത്. ഷാഹുൽ ഹമീദിനെ മാതാവ് ഗർഭം ചുമന്ന് അഞ്ചാം മാസത്തിൽ തന്നെ തന്റെ വയറ്റിലുള്ള കുഞ്ഞ് ഒരു വലിയ്യും ഖുതുബു (ഔലിയാപ്രമുഖൻ)മാണെന്ന് മാതാവിന് അറിവ് ലഭിച്ചിരുന്നു എന്ന വെടിയോടെയാണ് കറാമത്തുകൾ തുടങ്ങുന്നത്. പക്ഷെ ഇതിലും ചില വൈരുദ്ധ്യങ്ങളുണ്ട്. ഈ വിവരം ഒരു അശരീരി മുഖേനയാണ് ഷാഹുൽ ഹമീദിന്റെ മാതാവ് അറിഞ്ഞതെന്ന് നാഗൂർ ദർഗയിൽ നിന്നും പുറത്തിറക്കിയ കറാമത്ത് ബുക്കിൽ പറയുമ്പോൾ പി.ടി.എ. ഫൈസി കൊടശ്ശേരി എഴുതിയ പുസ്തകത്തിൽ ഈ വിവരം പറഞ്ഞത് ഖിള്ർ നബിയാണെന്നാണ് പറഞ്ഞിട്ടുള്ളത്. മൂസാനബിയുടെ (അ) കാലത്ത് ജീവിച്ച ഒരു മഹത്വ്യക്തിയായിരുന്നു ഖിള്ർ (അ). എന്നാൽ സൂഫികളാൽ ലോകത്ത് ഇന്നുവരെ പ്രചരിപ്പിക്കപ്പെട്ട എല്ലാ കള്ള ഔലിയാക്കളുടെ ചരിത്രത്തിലും ഖിള്ർ (അ) ന് തരക്കേടില്ലാത്ത റോളുണ്ട്. അദ്ദേഹം ഇന്നും ജീവിച്ചിരിപ്പുണ്ടെന്നും തന്റെ ഭാണ്ഡവുമായി അലഞ്ഞുനടക്കുന്ന സർവ്വവ്യാപിയായ ഔലിയ ആണെന്നുമാണ് ലോക ക്വുബൂരികൾ വിശ്വസിക്കുന്നത്. നബി(സ) യുടെ പേരിൽ കെട്ടിച്ചമക്കപ്പെട്ട ചില കള്ള ഹദീസുകളും ഇവർ തെളിവായി ഉദ്ധരിക്കാറുണ്ട്. കോഴിക്കോട്ടുകാരനായ സി.എം. മടവൂരിന്റെ കൂടെ ഖിള്ർ(അ) കഞ്ഞികുടിച്ചിരുന്നതായി മടവൂരിന്റെ കറാമത്ത് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപോലെ പല 'ഔലിയാ'ക്കളുമായും ഖിള്ർ(അ) ബന്ധം പുലർത്തുമെന്നാണ് ഖുറാഫീ വിശ്വാസം.

നാഗൂർ ഷാഹുൽ ഹമീദിനെകുറിച്ച് ഖുറാഫികൾ പുറത്തിറക്കിയ സകലപുസ്തകങ്ങളും പരിശോധിക്കുമ്പോൾ പരസ്പരം വൈരുദ്ധ്യങ്ങൾ നിറഞ്ഞ ചരിത്രങ്ങളാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് എന്ന് കാണാം. ഷാഹുൽ ഹമീദിന്റെ കുടുംബപരമ്പര വിവരിക്കുന്നതിൽപോലും ഗ്രന്ഥകാ

രൻമാർ തമ്മിൽ യോജിപ്പില്ല. പി.ടി.എ. ഫൈസി എഴുതിയ കുടുംബപരമ്പരയല്ല നാഗൂർ ദർഗയിൽ നിന്നും പുറത്തിറക്കുന്ന പുസ്തകത്തിലുള്ളത്. (ഈ പുസ്തകം തമിഴിൽനിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത് വെള്ളായണി കുമാരസ്വാമി എന്നയാളും അവതാരിക എഴുതിയിട്ടുള്ളത് ഭീമാപള്ളി ഇമാമായ പി.കെ. മുഹമ്മദ് ഷാ സഖാഫിയുമാണ്.) ഈ രണ്ട് പുസ്തകത്തിനും വിരുദ്ധമായാണ് നാഗൂരിൽ നിന്നുതന്നെ പുറത്തിറക്കിയ വി.എം. ഷാഹുൽ ഹമീദ് സാഹിബ് രചിച്ച മറ്റൊരു പുസ്തകത്തിലുള്ളത്. കാതിൽ കേട്ടതെല്ലാം കറാമത്തായി രേഖപ്പെടുത്തി അതിന്റെ മറവിൽ പാമര ജനങ്ങളെ ചൂഷണം ചെയ്ത് ജീവിക്കുന്ന ക്വബ്ർ പൂജക ദല്ലാളൻമാർക്ക് ആൾദൈവങ്ങളുടെ ചരിത്രമെഴുതുമ്പോൾ അത്ഭുത കഥകളും സിദ്ധികളും പൊടിപ്പും തൊങ്ങലും വെച്ച് വിവരിക്കുകയല്ലാതെ  ആധികാരികതയും സത്യതയും അന്വേഷിക്കേണ്ട കാര്യമില്ലല്ലോ. ചരിത്രം പഠിപ്പിക്കലല്ലല്ലോ ഇവരുടെ ലക്ഷ്യം.

ഷാഹുൽ ഹമീദ് ഗർഭസ്ഥ ശിശുവായിരിക്കുമ്പോൾതന്നെ കറാമത്തുകൾ പ്രകടിപ്പിച്ചിരുന്നുവെന്ന് ചരിത്രകാരൻമാരായ മുല്ലമാർ തട്ടിവിടുന്നുണ്ട്. പക്ഷേ ചില കറാമത്തുകളിൽ ചില ചരിത്രകാരൻമാർക്ക് വിയോജിപ്പുള്ളതായിട്ടാണ് കാണുന്നത്.

മാണിക്യപൂർ നഗരത്തെ ചമ്പൽതാഴ്വരയിലെ കൊള്ളക്കാർ ആക്രമിച്ച ഒരു ചരിത്രം പുസ്തകങ്ങളിൽ പറയുന്നുണ്ട്. വീടുകൾ കൊള്ളയടിച്ചും സ്ത്രീകളെ മാനഭംഗപ്പെടുത്തിയും എതിർത്തവരെ കൊന്നൊടുക്കിയും കൊള്ളക്കാർ സംഹാരതാണ്ഡവമാടിയപ്പോൾ ഈ കൊള്ളക്കാരെ അമർച്ചചെയ്തത് ഗർഭസ്ഥ ശിശുവായ ഷാഹുൽ ഹമീദായിരുന്നുവെന്ന് അലി ഹസ്സൻ സാഹിബ് ഫൈസി രചിച്ച നാഗൂർ ചരിത്രത്തിൽ പറയുന്നു. ഗർഭസ്ഥശിശു ഒരു ഒത്ത യുവാവായി മാറി ഗർഭാശയത്തിൽ നിന്ന് പുറത്ത് വരികയും ഒരു കുതിരപ്പുറത്ത് കയറി ഊരിപ്പിടിച്ച വാളുമായി കൊള്ളസംഘത്തിന് നടുവിൽ പാഞ്ഞെത്തി അവരെ തുരത്തിയ ശേഷം വീണ്ടും ഗർഭാശയത്തിലേക്കുതന്നെ മടങ്ങിപ്പോയിയെന്ന് ഫൈസി തട്ടിവിട്ടു. എന്നാൽ ഇത്രയും വലിയൊരു 'കറാമത്ത്' നാഗൂരിൽ നിന്നുതന്നെ ഷാഹുൽ ഹമീദ് സാഹിബ് പ്രസിദ്ധീകരിച്ച പുസ്തകത്തിലോ പി.ടി.എ. ഫൈസി കൊടശ്ശേരി എഴുതിയ പുസ്തകത്തിലോ കാണുന്നില്ലയെന്നത് വിരോധാഭാസമാണ്.

അതുപോലെത്തന്നെ ഷാഹുൽ ഹമീദിന്റെ ജനനസമയത്ത് അവിടെ സന്നിഹിതരായവർ നിസാരക്കാരല്ല. ഖിള്ർ നബിയും കൂടെ ഇല്ല്യാസ് നബിയും പ്രസവ സമയത്ത് വരികയും കുട്ടിക്ക് ഖിള്ർ(അ) ബാങ്ക് വിളിക്കുകയും ചെയ്തത്രെ! ഈ സംഭവവും മറ്റ് രണ്ട് പുസ്തകങ്ങളിൽ കാണുന്നില്ല.

ഷാഹുൽ ഹമീദ് കുട്ടിയായിരുന്നപ്പോൾ കാണിച്ച കറാമത്തുകളും ഖുറാഫീ പ്രസിദ്ധീകരണങ്ങൾ വിവരിക്കുന്നുണ്ട്. ഒരു വർഷം റംസാൻ മാസം വന്ന സമയത്ത് കാർമേഘംമൂലം മാസപ്പിറവി കാണാതിരിക്കുകയും അതുമൂലം ജനങ്ങൾ വിഷമിക്കുകയും ചെയ്ത സന്ദർഭത്തിൽ ഷാഹുൽ ഹമീദ് പാൽകുടിക്കാൻ വിസമ്മതിച്ചത്രെ! കുട്ടി പാലുകുടിക്കാത്തതുകൊണ്ട് അന്ന് റംസാനാണെന്ന് ജനങ്ങൾ ഉറപ്പിക്കുകയും നോമ്പെടുക്കുകയും ചെയ്തുവെന്നതാണ് കറാമത്ത്. (മട്ടനൂരും ബേപ്പൂരും മാസം കണ്ട വിരുതൻമാരെപോലുള്ളവരും അത് ഉറപ്പിച്ച ക്വാദിമാരെപോലുള്ളവരും അന്ന് ഇല്ലായിരുന്നുവെന്ന് സാരം) പക്ഷെ ഈ സംഭവവും കൊടശ്ശേരിക്കാരൻ ഫൈസി പറയുന്നില്ല. വി.എം. ഷാഹുൽ ഹമീദിന്റെ പുസ്തകത്തിൽ ഇതു സംഭവിക്കുമ്പോൾ കുഞ്ഞിന് എട്ടുമാസം പ്രായമായിരുന്നുവെന്ന് പറയുന്നു. എന്നാൽ കുമാരസ്വാമി വിവർത്തനം ചെയ്ത പുസ്തകത്തിൽ ആ സമയം കുഞ്ഞിന് ഒരു വയസ്സും മൂന്ന് മാസവും ആയിരുന്നു പ്രായം എന്നാണ് പറയുന്നത്. പോകട്ടെ, നുണ പറയുന്നതിൽ ഒരിക്കലും ഐക്യമുണ്ടാകില്ലല്ലോ. കാരണം, ഒരു നുണയൻ തട്ടിവിടുന്നത് മറ്റൊരു നുണയൻ അറിയുന്നില്ലല്ലോ.

ബാലനായിരുന്ന ഷാഹുൽ ഹമീദ് ഒരിക്കൽ ഒരു മരച്ചുവട്ടിൽ ഇരിക്കുമ്പോൾ അല്ലാഹുവിങ്കൽ നിന്ന് ഒരു അശരീരികേട്ടത്രെ! താങ്കൾ ഒരു മുറബ്ബിയായ ശൈഖിനെതേടി പുറപ്പെടണമെന്നായിരുന്നു അശരീരി. എന്നാൽ കൊടശ്ശേരി ഫൈസി അതൊരു അശരീരി ആയല്ല പറയുന്നത്. മറിച്ച്,


www.salafivoice.com

അതൊരു ആത്മീയ സന്ദേശമായിരുന്നുപോലും. എന്നാൽ വെള്ളായനി കുമാരസ്വാമി ഇത് രണ്ടും അറിഞ്ഞിട്ടില്ല. കാരണം അദ്ദേഹം വിവർത്തനം ചെയ്ത മൂലഗ്രന്ഥത്തിൽ ഈ സംഭവമില്ല. ഏതായാലും ഷാഹുൽ ഹമീദ് ഒരു മുറബ്ബിയായ (ശിക്ഷണം നൽകി വളർത്തിയെടുക്കുന്ന) ശൈഖിനെ അന്വേഷിച്ച് പുറപ്പെട്ടു. അങ്ങിനെയാണ് ഗ്വോളിയോറിലുള്ള മുഹമ്മദ് ഗൗസിന്റെ ശിഷ്യത്വം ഷാഹുൽ ഹമീദ് സ്വീകരിക്കുന്നത്. ഗുരുവിനെ തേടിയുള്ള യാത്രയിൽ ഒരു ഭീകരവനത്തിൽവെച്ച് ഷാഹുൽ ഹമീദിന്റെ മുന്നിൽ ഒരു സിംഹം പ്രത്യക്ഷപ്പെടുകയും തന്റെ പുറത്ത് കയറി യാത്രചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തതായി കൊടശ്ശേരി ഫൈസി പറയുന്നു. എന്നാൽ കുമാരസ്വാമി വിവർത്തനം ചെയ്ത പുസ്തകത്തിലുള്ളത് ഒരു പുലിക്കൂട്ടം വന്നുവെന്നും ഷാഹുൽ ഹമീദിനോട് സംസാരിച്ചുവെന്നുമാണ്. എന്നാൽ മറ്റൊരു ചരിത്രകാരനായ സി.എം. ഷാഹുൽ ഹമീദ് സാഹിബിന്റെ പുസ്തകത്തിൽ സിംഹവുമില്ല, പുലിയുമില്ല വെറുമൊരു പൂച്ചപോലുമില്ല.

അങ്ങിനെ നിരവധി നാളുകളിലെ പഠനത്തിനുശേഷം ഷാഹുൽ ഹമീദ് ഗുരുവിനെ വേർപിരിഞ്ഞ് ഒരു സംഘം അനുയായികളേയും കൂട്ടി തന്റെ നാട്ടിലേക്ക് തന്നെ മടങ്ങാൻ തീരുമാനിച്ചത്രെ. പോകുന്ന വഴിക്ക് ഒരു മലയിൽ കയറി ഒരു വൃദ്ധനെ കാണുകയും സംസാരിക്കുകയും ചെയ്തതായി കറാമത്ത് പുസ്തകങ്ങളിൽ കാണുന്നു. ആ വൃദ്ധൻ നാനൂറ് വർഷങ്ങളായി പ്രസ്തുത മലയിൽ ഷാഹുൽ ഹമീദിനെ കാത്തിരിക്കുകയായിരുന്നുവെന്നും മുല്ലമാർ ആനവെടി പൊട്ടിക്കുന്നുണ്ട്. ഈ വൃദ്ധൻ താമസിച്ച മല നൂഹ് നബിയുടെ കപ്പൽ അണഞ്ഞ ജൂതിപർവ്വതമായിരുന്നുവെന്ന് കൊടശ്ശേരി ഫൈസിയുടെ പുസ്തകത്തിൽ പറയുന്നുണ്ട്. (സഖാഫികൾ ഇറക്കിയ കാണാകാഴ്ചകൾ എന്ന ക്ഷുദ്രകൃതിയിൽ ജൂതീപർവ്വതം സ്ഥിതിചെയ്യുന്നത് ഇന്ത്യക്ക് പുറത്തുള്ള മറ്റൊരുസ്ഥലത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്)

യാത്ര തുടർന്ന ഷാഹുൽ ഹമീദും സംഘവും പിന്നീട് പൾവാ എന്ന സ്ഥലത്തെത്തുകയും അവിടെനിന്ന് മറ്റൊരു കൊടിയ ശിർക്കിന്റെ കേന്ദ്രമായ അജ്മീറിലെത്തുകയും ചെയ്തു. അജ്മീറിലെ ഖാജാ മുഈനുദ്ദീൻ ചിശ്തിയുടെ ദർഗയിൽ പ്രവേശിച്ച ഷാഹുൽ ഹമീദ് മൂന്ന് ദിവസം അവിടെ മറവ് ചെയ്യപ്പെട്ട ഖാജാ മുഈനുദ്ദീനുമായി കൂടിക്കാഴ്ചയും ചർച്ചയും നടത്തിയെന്ന് മുല്ലമാർ തട്ടിവിടുന്നു. ഈ കഥ ഉദ്ധരിക്കുന്നതിലും കഥാകൃത്തുക്കൾക്കിടയിൽ ഏകാഭിപ്രായമില്ല. എന്തൊക്കെയായാലും റസൂൽ(സ) യുടെ മുഅ്ജിസത്തുകളിൽ ഒന്നായ മിഅ്റാജിലല്ലാതെ മരണപ്പെട്ടുപോയ ഒരാൾ ഭൂനിവാസികളുമായി കൂടിക്കാഴ്ചയും ചർച്ചയും നടത്തിയ ഒരു സംഭവം ഇസ്ലാമിക ചരിത്രത്തിൽ കാണുക സാധ്യമല്ല. പക്ഷേ, നബിമാരുടെ മുഅ്ജിസത്തുകളെപ്പോലും നിസാരമാക്കുന്ന കറാമത്ത് കഥകളാണല്ലോ ഖുബൂരിസത്തിന്റെ ജീവവായു.

ഒരുപാട് ജാറങ്ങളിലും മറ്റും തെണ്ടിത്തിരിഞ്ഞ ശേഷം ഷാഹുൽ ഹമീദ് വീണ്ടും ജന്മനാടായ മാണിക്യപൂരിലെത്തി. പിന്നീട് ഷാഹുൽ ഹമീദിന്റെ ഗുരുനാഥനായ മുഹമ്മദ് ഗൗസിന്റെ ഭാര്യ തന്റെ മകളുമായുള്ള വിവാഹലോചനയുമായി രണ്ടുവൃദ്ധകളെ ഷാഹുൽ ഹമീദിന്റെ അരികിലേക്ക് അയച്ചത്രെ. ആലോചനയുമായി വന്ന വൃദ്ധകളോട് താൻ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞ ഷാഹുൽ ഹമീദ് തന്റെ കൈ ഉയർത്തി കക്ഷത്തിലേക്ക് നോക്കാൻ ആവശ്യപ്പെട്ടത്രെ. നോക്കിയപ്പോൾ അവർകണ്ട അൽഭുത കാഴ്ച എന്തായിരുന്നുവെന്ന് കൊടശ്ശേരി ഫൈസിയുടെ പുസ്തകത്തിൽ നമുക്ക് ഇങ്ങിനെ വായിക്കാം.

''ശൈഖ് തന്റെ ഇടതുകൈ ഉയർത്തിപ്പിടിച്ചു. ആഗതരോട് തന്റെ കക്ഷത്തിലേക്ക് നോക്കാൻ ആവശ്യപ്പെട്ടു. അവർക്ക് കണ്ണുകളെ വിശ്വസിക്കാനായില്ല. എന്തൊരു കാഴ്ച! പ്രവിശാലമായ ഒരു മരുഭൂമി. അതിന്റെ മധ്യത്തിൽ പവിഴ നിർമിതമായ ഒരു കുബ്ബ. അതിൽ ചുവന്ന മാണിക്യനിർമിതമായ ഒരു ഊഞ്ഞാൽ. സൗന്ദര്യവതികളായ രണ്ട് സ്വർഗസ്ത്രീകൾ അതിൽ ആടുന്നു. കണ്ടുനിൽക്കാനുള്ള ശക്തിയില്ലാതെ അവർ ബോധരഹിതരായി.'' *(നാഗൂർ വലിയ്യ് പേജ്: 25)*

ഹൈന്ദവരുടെ ദൈവമായ ശ്രീകൃഷ്ണൻ വെണ്ണ കട്ടുതിന്നോ എന്നറിയാൻ അമ്മ ശ്രീകൃഷ്ണന്റെ വായിലേക്ക് നോക്കിയപ്പോൾ അതിൽ ഈരേഴ് പതിനാല് ലോകങ്ങളും കണ്ടു

എന്നൊരു ഹൈന്ദവ ഐതിഹ്യമുണ്ട്. അതിനൊപ്പിച്ച് ഉണ്ടാക്കിയതായിരിക്കണം ഈ ചരിത്രവും. എന്നാൽ ഈ കക്ഷക്കറാമത്ത് വെള്ളായണി കുമാരസ്വാമിയുടെ പുസ്തകത്തിൽ കാണുന്നില്ല. മാത്രവുമല്ല, വെള്ളായണി സ്വാമി വിവർത്തനം ചെയ്ത പുസ്തകത്തിൽ ഗുരുവിനെ പിരിയുന്ന തിന് മുമ്പാണ് വിവാഹാലോചന നടത്തിയത് എന്നാണ് പറയുന്നത്. എങ്കിലും വിവാഹാലോചന നടത്തിയതിന് കക്ഷംകാട്ടി ബോധംകെടുത്തിയതായി പറയുന്നുമില്ല. എന്നാൽ വി.എം. ഷാഹുൽ ഹമീദ് സാഹിബിന്റെ പുസ്തകത്തിലും കക്ഷംകാണിച്ച് ബോധംകെടുത്തിയ കഥ പറയുന്നുണ്ട്. പക്ഷെ, ഫൈസിയുടെ കഥയിൽ പവിഴനിർമ്മിതമായ ഖുബ്ബയാണ് കണ്ടതെങ്കിൽ ഈ പുസ്തക ത്തിൽ മുത്തിനാൽ നിർമിച്ച ഖുബ്ബയാണ് എന്ന വ്യത്യാസമുണ്ട്. (മുത്തും പവിഴവും വലിയ വ്യത്യാസമില്ല എന്ന നിലക്കാവാം വ്യത്യാസം വരുത്തിയത് എന്ന് ഖുബൂരികൾക്ക് ന്യായീകരി ക്കാം)

ഷാഹുൽ ഹമീദ് വിവാഹിതനായി കാണാൻ ആഗ്രഹിച്ച മാതാപിതാക്കളും നാട്ടുകാരും വിവാ ഹാവശ്യാർത്ഥം ഒരു മനോഹരമായ സൗധം നിർമ്മിച്ചത്രെ. പക്ഷേ വിവാഹം ഇഷ്ടപ്പെടാതിരുന്ന കഥാ നായകൻ ഒരു നോട്ടം കൊണ്ട് സൗധം ചാമ്പലാക്കിയ കാര്യവും പുസ്തകത്തിൽ സൂചിപ്പി ക്കുന്നുണ്ട്. ഹൈന്ദവരുടെ ദൈവങ്ങളിൽ ഒരാളായ ശിവൻ തനിക്ക് കോപം വന്നാൽ തന്റെ മൂന്നാം കണ്ണ് തുറന്ന് സകലതും ചാമ്പലാക്കുമെന്ന് ഹൈന്ദവപുരാണങ്ങളിൽ കാണുന്നു. ഹൈന്ദവ സന്യാസത്തിന്റെ മറ്റൊരു പതിപ്പായ സൂഫിസത്തിന്റെ കള്ളക്കഥകളിൽ സമാനമായ ഐതിഹ്യങ്ങൾ കടന്നുവന്നില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

വിവാഹം കഴിച്ചിട്ടില്ലെങ്കിലും ശാഹുൽ ഹമീദിന് ഒരു കുഞ്ഞുണ്ടായിട്ടുണ്ട്. അതിന്റെ ഐതിഹ്യം രസകരവും ചിരിക്കു വക നൽകുന്നതുമാണ്. ഷാഹുൽ ഹമീദിന്റെ കഥകൾ കേട്ട റിഞ്ഞ ശൈഖ് നൂറുദ്ദീൻ മുഫ്തി ഒരിക്കൽ ഷാഹുൽ ഹമീദിനെ സന്ദർഷിച്ച് ''ശൈഖ് അവർകളേ, എനിക്ക് സന്താനമില്ല, സന്താനത്തിനുവേണ്ടി ഞാൻ അല്ലാഹുവിനോട് നിരന്തരം ദുആ ചെയ്തു, പലമഹാത്മാക്കളേയും ഈ ആവശ്യാർത്ഥം സന്ദർശിച്ചു. ഇന്നേവരെ എന്റെ ഉദ്ദേശ്യം നടന്നിട്ടില്ല'' എന്ന് പറയുകയും ചെയ്തത്രെ! അതുകേട്ടതും ''താങ്കളുടെ മുതുകിൽ ഒരുപുണ്യാത്മാവായ ആൺകുഞ്ഞിന്റെ ബീജമുണ്ടെന്നും അത് യാഥാർത്ഥ്യമാക്കണമെന്നു'' മുള്ള തന്റെ ഗുരുവിന്റെ പ്രവചനം ശാഹുൽഹമീദിന് ഓർമവന്നുപോലും. നൂറുദ്ദീന്റെ ഭാര്യയുടെ ഗർഭാശയം തന്റെ ബീജം നിക്ഷേപിക്കാൻ പറ്റിയതാണെന്ന് മനസ്സിലാക്കിയ ഷാഹുൽ ഹമീദ് ഈ വിവരം നൂറുദ്ദീനോട് പറ ഞ്ഞു. അങ്ങിനെ തിങ്കളാഴ്ച രാവിൽ നൂറുദ്ദീന്റെ ഭാര്യ കുളിച്ച് സുഗന്ധം ഉപയോഗിച്ച് വരണ മെന്ന് ഷാഹുൽ ഹമീദ് ആവശ്യപ്പെട്ടുവത്രേ. (അന്യപുരുഷന്മാരുള്ള സ്ഥലങ്ങളിലേക്ക് പുറപ്പെടു മ്പോൾ സുഗന്ധം ഉപയോഗിക്കുന്ന സ്ത്രീകൾ വ്യഭിചാരികളാണെന്ന് നബി (സ്വ) പറഞ്ഞിട്ടുണ്ട്.) അങ്ങിനെ നിർദേശം പാലിച്ചെത്തിയ നൂറുദ്ദീന്റെ ഭാര്യയെ മുന്നിലിരുത്തി ഷാഹുൽ ഹമീദ് വെറ്റില ചവച്ച് അത് നൂറുദ്ദീന്റെ ഭാര്യയുടെ വായിൽ നിക്ഷേപിച്ച് വിഴുങ്ങാൻ പറഞ്ഞു. അങ്ങിനെ നൂറുദ്ദീന്റെ ഭാര്യ ഗർഭിണിയാവുകയും ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തുവെന്ന താണ് നുണക്കഥയുടെ പര്യവസാനം. (ലോകത്ത് ആദ്യമായി മുറുക്കിതുപ്പിയ വെറ്റിലയിലൂടെ കൃത്രിമ ബീജ സങ്കലനം നടത്തിയത് ഷാഹുൽ ഹമീദാണെന്ന് 'നവോത്ഥാന' ഖുറാഫികൾക്ക് അഭിമാനിക്കാം. വേണമെങ്കിൽ ഈ വകയിൽ ഒരു മരണാനന്തര ബഹുമതിയും പ്രഖ്യാപിക്കാം)

പിന്നീട് കൂറേകാലം ഷാഹുൽ ഹമീദ് പലരാജ്യങ്ങളും സന്ദർശിച്ചതായി പുസ്തകത്തിൽ കാണുന്നു. സഊദി അറേബ്യയിലെ ജിദ്ദയിൽ നിന്നും കപ്പൽ മാർഗം കണ്ണൂരിലാണത്രെ ഷാഹുൽ ഹമീദ് എത്തിയത്. കണ്ണൂരിൽ നിന്നും കർണാടകയിലെ ബാബ ബുദനഗിരി എന്ന മലയിൽ എത്തി യതായും പറയപ്പെടുന്നു. അവിടെ സ്ഥിതിചെയ്യുന്ന ഹയാത്തുൽ ബഹ്ർ എന്നയാളിന്റെ മക്ബറ യിലാണ് ഷാഹുൽ ഹമീദ് എത്തിയത്. ( ഈ സ്ഥലത്തിനുവേണ്ടി വർഷങ്ങളായി വിശ്വഹിന്ദുപരി ഷത്തുകാർ ശബ്ദം ഉയർത്താൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ കിടക്കുന്ന പുണ്യാത്മാവ് തങ്ങളുടെ ആളാണെന്നാണ് അവരുടെ വാദം. ഒരു സംഘർഷാവസ്ഥ നിലനിൽക്കുന്ന ഈ പ്രദേശത്ത് രണ്ടു കൂട്ടർക്കും ഒരുപോലെ ആരാധന നടത്താൻ ഇപ്പോൾ കർണാടക ഗവൺമെന്റ് സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്) അവിടെനിന്നും പൊന്നാനി, മാലീദീപ്, സിലോൺ, ഏർവാടി, കായൽപ

ട്ടണം തുടങ്ങിയ സ്ഥലങ്ങളിലാണ് ഷാഹുൽ ഹമീദ് സന്ദർശനം നടത്തിയതായി പറയപ്പെടുന്നത്. ഒടുവിൽ ഇയാൾ നാഗൂരിലെത്തി. നാഗൂർ കടലോരത്ത് നാൽപ്പത് ദിവസം വ്രതവും നിസ്കാരവുമായി ഷാഹുൽ ഹമീദ് ഖൽവത്തിൽ (ജനങ്ങളിൽ നിന്നും ഒഴിവായി ഇബാദത്തിന് മാത്രമായി സൂഫികൾ തനിച്ചിരിക്കുന്ന സമ്പ്രദായം) ഇരിക്കാൻ തീരുമാനിച്ചു. ഖൽവത്തിൽ നിന്നും പുറത്തുവന്ന് പിന്നീട് ആന്റമാനിലേക്ക് പോകാൻ തീരുമാനിച്ചത്രെ. ഉടനെതന്നെ അവിടെ ഖിള്ർ(അ) പ്രത്യക്ഷപ്പെട്ട് താങ്കൾക്ക് ആന്റമാനിലേക്ക് പോകാൻ അല്ലാഹു അനുവാദം തന്നിട്ടില്ലെന്നും ആന്റമാനിലെ കാഴ്ചകൾ കാണണമെങ്കിൽ എന്റെ ചുമലിൽ മുഖം വെക്കുക എന്നും പറഞ്ഞത്രെ! അങ്ങിനെ ഖിള്ർ(അ) ന്റെ ചുമലിൽ മുഖം വെച്ചപ്പോൾ ആന്റമാനിലെ മുഴുവൻ കാഴ്ചകളും കണ്ടതായും ഖുറാഫി പുസ്തകങ്ങൾ പറയുന്നു.

ശേഷം ഷാഹുൽ ഹമീദ് തന്റെ കൃത്രിമ പുത്രനായ യൂസുഫിനെ വിളിച്ചുപറഞ്ഞു: ''നിന്നിൽ നിന്ന് മഹത്തുക്കളായ സന്താനങ്ങൾ ജനിക്കാനിരിക്കുന്നു. അതിനാൽ നിനക്ക് കുലമഹിമയുള്ള ഒരു കന്യകയെ വിവാഹം ചെയ്തുതരാൻ ഞാൻ ഉദ്ദേശിക്കുന്നു.'' ഇതുകേട്ടതും പുത്രൻ വിസമ്മതം പ്രകടിപ്പിച്ചുവെന്നും ഷാഹുൽ ഹമീദ് കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്ത് വിവാഹം കഴിപ്പിച്ചുവെന്നും കറാമത്തുപുസ്തകങ്ങൾ പറയുന്നു. ഓർക്കുക, ഇതേ ആവശ്യം ഷാഹുൽ ഹമീദിനോട് മാതാപിതാക്കൾ പറഞ്ഞപ്പോഴാണ് ഒരു സൗധം തന്റെ നോട്ടംകൊണ്ട് ചാമ്പലാക്കിയതും പലരേയും കക്ഷംകാട്ടി ബോധംകെടുത്തിയതും.

ഹിജ്റ 978ൽ ഷാഹുൽ ഹമീദ് മരണപ്പെട്ടതായും പുസ്തകങ്ങൾ പറയുന്നു. അങ്ങിനെ ഖിള്റിന്റെ നിർദ്ദേശപ്രകാരമാണത്രെ നാഗൂരിൽതന്നെ മറമാടിയത്. നാഗൂരിലെ പ്രധാന ദർഗ ഷാഹുൽ ഹമീദിന്റേതാണെങ്കിലും കൃത്രിമ പുത്രൻ യൂസുഫിന്റെയും യൂസുഫിന്റെ ഭാര്യ സുൽത്താനയുടെയും ദർഗകളും ഇവിടെയുണ്ട്.

നാഗൂർ ഷാഹുൽ ഹമീദിന്റെ പേരിൽ ആരോപിക്കപ്പെട്ട കറാമത്തുകളിൽ മാത്രമല്ല, ഇവിടെ നടക്കുന്ന നേർച്ച വഴിപാടുകളിലും ഹൈന്ദവ സ്വാധീനം തെളിഞ്ഞുകാണാം. രോഗബാധിത അവയവങ്ങളുടെ രൂപത്തിൽ സ്വർണംകൊണ്ടും വെള്ളികൊണ്ടും രൂപങ്ങളുണ്ടാക്കി വിഗ്രഹങ്ങൾക്ക് സമർപ്പിക്കുന്ന രീതി ചില ഹൈന്ദവ ക്ഷേത്രങ്ങളിൽ കാണാം. ഈയൊരു രീതി നാഗൂർ ദർഗയിലും നടക്കുന്നുണ്ട്. മാത്രവുമല്ല ക്ഷേത്രങ്ങളിൽ പൂജക്കായി പ്രത്യേക സമയങ്ങളിൽ നടതുറക്കലും അടക്കലും ഉള്ളതുപോലെ നാഗൂർ ദർഗയിലും ഈ പതിവുണ്ട്.

ജീവിച്ചിരുന്ന കാലത്ത് നൂറുകണക്കിന് മൈൽ ദൂരത്ത് നടക്കുന്ന ദുരന്തങ്ങൾപോലും മുൻകൂട്ടി കണ്ട് രക്ഷപ്പെടുത്തിയതായി നിരവധി കറാമത്തുകൾ ഷാഹുൽ ഹമീദിന്റെ പേരിൽ ഖുറാഫികൾ വെച്ചുകെട്ടുന്നുണ്ട്. എന്നാൽ ഈ അടുത്ത് ലോകത്തെ നടുക്കിയ സുനാമി ദുരന്തമുണ്ടായപ്പോൾ അത് കാര്യമായി ബാധിച്ച ഒരു പ്രദേശംകൂടിയാണ് നാഗൂർ. ഈ ദുരന്തത്തിൽപെട്ട് നാഗൂർ ദർഗയുടെ പരിസരത്തുള്ള നൂറുകണക്കിന് ആളുകളാണ് മരിച്ചത്. അക്കൂട്ടത്തിൽ സർവ്വ പ്രയാസങ്ങളും തീരുന്നതിനുവേണ്ടി നാഗൂർ ദർഗയിലേക്ക് സിയാറത്തിന് വന്ന ആളുകളുമുണ്ട്. അവിടെയും ഈ ദുരന്തം സ്വപ്നത്തിലൂടെയെങ്കിലും മുൻകൂട്ടി ആർക്കും ഷാഹുൽ ഹമീദ് അറിയിച്ച് കൊടുത്തില്ല. ആ ദുരന്തത്തിൽ പെട്ടവർ അന്ന് നാഗൂർ ശൈഖിനെയും വിളിച്ച് പ്രാർത്ഥിച്ചിട്ടിട്ടുണ്ടാകുമല്ലോ? എന്നിട്ടും ശൈഖ് എന്തുകൊണ്ട് രക്ഷിച്ചില്ല? ജീവിച്ചിരുന്ന കാലത്ത് ലോകത്തുള്ള എല്ലാവരുടെയും പ്രശ്നങ്ങൾക്കും പരിഹാരം നൽകിയ ആൾക്ക് മരണശേഷം കഴിവ് പോയിയെന്നാണോ, കഴിവ് കൂടിയെന്നാണോ ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്? ഇത് വായിക്കുമ്പോൾ ഖുറാഫികൾ പറയും ''അങ്ങിനെയാണെങ്കിൽ നിങ്ങളുടെ അല്ലാഹു എന്തുകൊണ്ട് രക്ഷപ്പെടുത്തിയില്ല'' എന്ന്. അല്ലാഹുവിന് ഒരുകാര്യവും നിർബന്ധമില്ല. അല്ലാഹുവിന് സഹായിക്കാൻ കഴിവുണ്ടായിട്ടും അവൻ സഹായിച്ചില്ലെങ്കിൽ അവനെ കുറ്റപ്പെടുത്തിക്കൂടാ. എന്നാൽ മനുഷ്യന്റെ സ്ഥിതി അതല്ല. കഴിവുണ്ടായിട്ടും സഹായിച്ചില്ലെങ്കിൽ അയാൾ കുറ്റക്കാരനാകും. ഈ ലളിതമായ തത്വംപോലും അറിയാത്തതുകൊണ്ടാണ് നിരീശ്വരവാദികളെപ്പോലെ 'നിങ്ങളുടെ അല്ലാഹു കാരുണ്യവാനല്ലേ, എന്നിട്ടും എന്തുകൊണ്ട് രക്ഷിച്ചില്ല' എന്ന് ക്വുബൂരികൂട്ട

ങ്ങൾ ലജ്ജയില്ലാതെ വിളിച്ചുകൂവുന്നത്. ‘‘ഞങ്ങളുടെ ഔലിയാക്കൾക്ക് കഴിവില്ലെങ്കിൽ നിങ്ങളുടെ അല്ലാഹുവിനും കഴിവില്ല’’ എന്നുവരെ ചില ക്വുബൂരി ജാഹിലുകൾ തട്ടിവിടാറുണ്ട്. അല്ലാഹു ഇവർക്ക് സൽബുദ്ധി നൽകട്ടെ.

ഏതായാലും ഒരു കാര്യം ഉറപ്പാണ്. ഔലിയാക്കളെന്ന പേരിൽ ഖുറാഫികൾ തലയിലേറ്റി നടക്കുന്ന സകല ആളുകളും അവർ ചെയ്തതായി പറയുന്ന കറാമത്തുകളും വെറും സങ്കൽപ്പങ്ങളും ഐതിഹ്യങ്ങളുമാണ്. ഇസ്‌ലാം പരിചയപ്പെടുത്തുന്ന ഔലിയാക്കളുമായോ കറാമത്തുകളുമായോ കേരളത്തിലെ ക്വുബൂരികൾക്ക് യാതൊരു ബന്ധവുമില്ല. ഇവർ പ്രചരിപ്പിക്കുന്ന കറാമത്തുകളും ഔലിയാക്കളും ഹൈന്ദവ സന്യാസ കഥകളിൽ നിന്ന് കടമെടുത്ത് ഇസ്‌ലാമിന്റെ പാകമാകാത്ത കുപ്പായം ധരിപ്പിച്ചവയാണ്. അക്കൂട്ടത്തിൽ ഒന്നുമാത്രമാണ് നാഗൂർ ഷാഹുൽ ഹമീദ് അഥവാ ഖുറാഫികളുടെ ഭാഷയിൽ പറഞ്ഞാൽ അബ്ദുൽ ഖാദിർ ഷാഹുൽ ഹമീദ് ഖാദിറൊലി ഗഞ്ചസവായ് ഗഞ്ചബഗ്ഷ് ബാദുഷാ സാഹിബ് നാഗൂർ ആണ്ടവർ.